# പതിമൂന്നാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1591 — 21.03.2012 ൽ മറുപടിയ്ക്ക്

### കർഷകകടാശ്വാസകമ്മീഷൻ നിയമത്തിൽ മാറ്റം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പി. എ. മാധവൻ | ശ്രീ. കെ.പി. മോഹനൻ<br>(ബഹു: കൃഷിയും മൃഗസംരക്ഷണവും, അച്ചടിയും, സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാന കർഷകകടാശ്വാസ ക്കമ്മീഷന്റെ നിയമങ്ങളിൽ മാറ്റം വരുത്തുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; | (എ) കേരള കർഷക കടാശ്വാസ കമ്മീഷൻ ആക്ട് ഭേദഗതി വരുത്തുന്ന കാര്യം പരിശോധിച്ചുവരുന്നു. |
| (ബി) നിലവിലുള്ള നിയമങ്ങൾ കടക്കെണിയിലായിരിക്കുന്ന കർഷകർക്ക് ഇപ്പോൾ പ്രയോജനം ലഭിക്കുമോ;<br>(സി) ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ; | (ബി) & (സി) കാർഷികപ്രതിസന്ധി മൂലം കർഷക ആത്മഹത്യകൾ ഏറിവന്ന സാഹചര്യത്തിലാണ് 2006 ലെ കേരള കർഷക കടാശ്വാസ കമ്മീഷൻ ആക്ട് നിലവിൽ വന്നത്. ആക്ട് നിലവിൽ വന്ന തീയതിയിലോ അതിനുമുമ്പോ സഹകരണസംഘങ്ങളിൽ/ ബാങ്കുകളിൽ നിന്നോ ലൈസൻസ് പ്രകാരമോ അല്ലാതെയോ പണം കടം കൊടുക്കലിൽ ഏർപ്പെട്ടിരിക്കുന്ന വ്യക്തികളിൽ നിന്നോ കർഷകർ കാർഷികാവശ്യത്തിനോ കാർഷികാനുബന്ധ വാണിജ്യാവശ്യത്തിനോ എടുത്തിട്ടുള്ള വായ്പകൾ ആക്ടിന്റെ പരിധിയിൽ വരും. 2011 ൽ വയനാട് ജില്ലയിൽ കാർഷിക പ്രതിസന്ധിമൂലം കർഷക ആത്മഹത്യകൾ റിപ്പോർട്ട് ചെയ്ത സാഹചര്യത്തിൽ ജില്ലയിലെ കർഷകരുടെ 31.10.2011 വരെയുള്ള കാർഷിക കടങ്ങൾ പരിഗണിക്കാൻ കമ്മീഷനെ അധികാരപ്പെടുത്തും വിധം ആക്ടിന്റെ വ്യവസ്ഥകൾ ഭേദഗതി ചെയ്യുന്ന കാര്യം പരിഗണനയിലാണ്. |
| (ഡി) കഴിഞ്ഞ സർക്കാരിന്റെ കാലയളവിൽ കമ്മീഷന് എത്ര അപേക്ഷകൾ ലഭിച്ചുവെന്നും എത്രയെണ്ണം തീർപ്പാക്കിയെന്നും അറിയിക്കാമോ; | (ഡി) & (ഇ) കഴിഞ്ഞ സർക്കാരിന്റെ കാലയളവിൽ കമ്മീഷന് ലഭിച്ച 4,10,549 അപേക്ഷകളിൽ 1,71,407 എണ്ണം ആ കാലയളവിൽ തീർപ്പാക്കിയിട്ടുണ്ട്. ഇതിലൂടെ 74,024 ഗുണഭോക്താക്കൾക്കായി |

| | | |
|---|---|---|
| (ഇ) | ഇതിലൂടെ എത്ര കർഷകർക്ക് ആനുകൂല്യം നൽകിയെന്നും എന്തു തുക അനുവദിച്ചുവെന്നും അറിയിക്കാമോ; | 62,45,52,375/-രൂപ അനുവദിച്ചിട്ടുണ്ട്. |
| (എഫ്) | കമ്മീഷന്റെ വ്യവസ്ഥകളിൽ കാലോചിതമായ മാറ്റങ്ങൾ വരുത്തുമോ ? | (എഫ്) ഇക്കാര്യം പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ